## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1991** **04.05.2017-ൽ മറുപടിയ്ക്ക്**

## സുൽത്താൻ ബത്തേരി സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ക്രമക്കേടുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി. കെ. ശശീന്ദ്രൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സുൽത്താൻ ബത്തേരി സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുമായി ബന്ധപ്പെട്ട് ഉയർന്നു വന്നിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ക്രമക്കേട് സംബന്ധിച്ച് ഒരു റിപ്പോർട്ട് സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി) | സുൽത്താൻ ബത്തേരി സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിലെ അനധികൃത നിയമനങ്ങൾ സംബന്ധിച്ച് ലഭിച്ച പരാതികൾ രജിസ്ട്രാർ ഓഫീസിലെ ഇൻസ്പെക്ഷൻ വിഭാഗം ഡെപ്യൂട്ടി രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ (ക്രെഡിറ്റ്) എന്നിവർ സംയുക്തമായി അന്വേഷിച്ച് റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇത് സർക്കാർ പരിശോധിച്ചു വരുന്നു. കൂടാതെ സുൽത്താൻ ബത്തേരി താലൂക്ക് പ്രാഥമിക സഹകരണ ബാങ്കിന്റെ 2015-16 വർഷത്തെ ആഡിറ്റിനോടനുബന്ധിച്ച് സമർപ്പിച്ചിട്ടുള്ള സ്പെഷ്യൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വയനാട് ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം ബാങ്കിൽ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65 പ്രകാരം അന്വേഷണം നടന്നുവരുന്നു. വിജിലൻസ് അന്വേഷണം വേണമെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ആയതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ